## Syro-Malabar Eparchy of St. Thomas the Apostle, Melbourne

6 Greenock Court,
Greenvale, Victoria 3059, Australia
Phone: +61-(03) 8313 3678
vg@syromalabar.org.au


Prot.No. MPL: 142/22/75

# ബൈബിൾ ഞായർ 2022

പ്രിയ വൈദികരെ സഹോദരി സഹോദരന്മാരെ കുഞ്ഞു മക്കളേ,

ഈ വർഷത്തെ ബൈബിൾ ഞായറിനു ഒരു സവിശേഷതയുണ്ടു. ഫ്രാൻസിസ് മാർപ്പാപ്പ ദൈവ വചന ഞായർ (Sunday of the Word of God) ഒരു അപ്പസ്തോലിക ലേഖനം വഴി നിശ്ചയിച്ചിരിക്കുകയാണ്. സെപ്തംബർ മൂന്നാം തീയതി വിശുദ്ധ ജെറോമിന്റെ തിരുന്നാൾ ദിവസം Aperuit illis എന്ന ലേഖനം വഴി റോമൻ ക്രമത്തിലെ സാധാരണ ആഴ്ചകളിലെ മൂന്നാം ആഴ്ച ബൈബിൾ ഞായറായി ആചരിക്കുവാനാണ് ഫ്രാൻസിസ് പപ്പയുടെ ആഹ്വാനം. ഹീബ്രു ഭാഷയും ഗ്രീക്കു ഭാഷയും പഠിച്ചു ബൈബിൾ മൂലകൃതിയിൽ നിന്ന് ലാറ്റിൻ ഭാഷയിലേക്കു മൊഴി മാറ്റം വരുത്തിയ പണ്ഡിതനായ വിശുദ്ധ ജെറോമിന്റെ വാക്കുകൾ പ്രസക്തമാണ്: ദൈവ വചനത്തെക്കുറിച്ചുള്ള അജ്ഞത മിശിഹായെക്കുറിച്ചുള്ള അജ്ഞതയാണ്. വിശുദ്ധ ജെറോമിന്റെ ആയിരത്തി അറുന്നൂറാം ചരമ വാർഷികം കൂടിയാണ് ഈ വർഷമെന്നതു സവിശേഷ ശ്രദ്ധ ആകർഷിക്കുന്നു. എമ്മാവൂസിലേക്കു നടന്ന ശിഷ്യന്മാർക്കു ഉത്ഥാനം ചെയ്ത മിശിഹാ പ്രത്യക്ഷനായി ദൈവ വചനം ഗ്രഹിക്കുവാൻ അവരുടെ മനസ്സു തുറന്നു എന്നതിന്റെ ആദ്യ പദങ്ങളാണ് Aperuit illis (ലൂക്ക 24 : 13 : 35). ദൈവ വചന വായന അർഥപൂർണ്ണമാകണമെങ്കിൽ പരിശുദ്ധാത്മാവിന്റെ ചൈതന്യം കൂടിയേ തീരൂ. പണ്ടെന്നോ നടന്ന ഒരു ചരിത്ര സംഭവത്തെ ഇന്ന് ജീവസ്സുറ്റതാക്കി മാറ്റി മനുഷ്യ ഹൃദയങ്ങളെ ഉൾകാഴ്ചകളിലേക്കു നയിക്കുവാൻ പര്യാപ്തമാക്കുന്നതു പരിശുദ്ധാത്മാവിന്റെ പ്രേരണയാണ്. അതിനാൽ ഫ്രാൻസിസ് മാർപ്പാപ്പ എഴുതുന്നു ബൈബിളിനെ സജീവ ദൈവ വചനമാക്കി ഇന്നും മനുഷ്യഹൃദയങ്ങളിലേക്കു അനുഭവമായി പകരുന്നതു പരിശുദ്ധ ആത്മാവിന്റെ പ്രവർത്തനം വഴിയാണ്.

ഈ വർഷം ഡിസംബർ നാലു ഞായർ ( ഡിസംബർ മാസത്തിലെ ആദ്യ ഞായർ) ആണ് നമ്മുടെ രൂപതയിൽ ബൈബിൾ ഞായറായി ആഘോഷിക്കുന്നത്. ഈ വർഷത്തെ ബൈബിൾ ഞായർ പ്രമേയമായി നിർദ്ദേശിച്ചിരിക്കുന്നത് 'ദൈവ പരിപാലനയിൽ ആശ്രയിക്കുക' എന്ന ഭാഗമാണ് (മത്തായി 6:25–34) ഈശോമിശിഹായുടെ ദൈവരാജ്യ പ്രഘോഷണത്തിന്റെ രത്ന ചുരുക്കമായി മലയിലെ പ്രസംഗത്തെ എടുത്തു കാണിക്കുന്നുണ്ട്. മലയിലെ പ്രസംഗത്തിലെ ഒരു പ്രധാന ഭാഗമാണിത്.

ജീവൻ ഭക്ഷണത്തേക്കാൾ ശ്രേഷ്ഠമല്ലേ? ശരീരം വസ്ത്രത്തേക്കാൾ ശ്രേഷ്ഠമല്ലേ? എന്നു ചോദിക്കുന്നതിലൂടെ ദൈവ ഛായയിൽ സൃഷ്ടിക്കപ്പെട്ടിട്ടുള്ള മനുഷ്യൻ ദൈവ തിരുമുൻപിൽ ശ്രേഷ്ഠനാണ് എന്നു ഊന്നിപ്പറയുകയാണ് ചെയുന്നത്. ദൈവത്തിന്റെ ഹൃദയത്തിലാണ് അവന്റെ സ്ഥാനം. അവന്റെ യഥാർത്ഥ ആവശ്യങ്ങൾ കർത്താവറിയുന്നു. നിശ്ചയമായും എല്ലാം അവിടുന്ന് അവനു നൽകും. അങ്ങനെയെങ്കിൽ മനുഷ്യർ എന്തിനാണ് ഊന്നൽ കൊടുക്കേണ്ടത്? എപ്പോഴും എവിടെയും ദൈവ രാജ്യം അന്വേഷിക്കുക. ദൈവ രാജ്യത്തിനായി യത്നിക്കാൻ മാത്രമാണ് ഈശോ മനുഷ്യരോട് ആവശ്യപ്പെടുന്നത്. "നിങ്ങൾക്കു ഇതെല്ലാം ആവശ്യമാണെന്ന് നിങ്ങളുടെ പിതാവിനറിയാം, നിങ്ങൾ അവിടുത്തെ

രാജ്യം അന്വേഷിക്കുവിൻ"(ലൂക്ക 12 : 30 - 31). പക്ഷികളെയും ചെടികളെയും തീറ്റിപോറ്റുന്ന ദൈവം അവയ്ക്കു നല്കുന്നതിനേക്കാൾ കൂടുതലായ പരിഗണന മനുഷ്യർക്കു നല്കും.

ഭക്ഷണം, വസ്ത്രം, പാർപ്പിടം, ധനസമ്പാദനം, എന്നീ ആവശ്യങ്ങളിൽ മനുഷ്യ പ്രയത്നം മുഴുവൻ ചിലവഴിക്കുന്ന ഒരു ജീവിത തത്വ സംഹിത വച്ചു പുലർത്തുന്നവർക്കു ഈശോ നൽകുന്ന മറുപടി, അവർ വ്യർത്ഥത്തിലാണ് ജീവിതം ഉറപ്പിച്ചിരിക്കുന്നത് എന്നതാണ്. ദൈവം അവനോടു പറഞ്ഞു, "ഭോഷാ ഈ രാത്രിയിൽ നിന്റെ ആത്മാവിനെ നിന്നിൽ നിന്നും ആവശ്യപ്പെടും അപ്പോൾ നീ ഒരുക്കി വച്ചിരിക്കുന്നവ ആരുടേതാകും"? (ലൂക്ക 12 : 20)

ദൈവാശ്രയം, സ്നേഹബന്ധങ്ങൾ, സാഹോദര്യം, ത്യാഗം, പരോന്മുഖ ജീവിതം എന്നീ ദൈവ രാജ്യ മൂല്യങ്ങൾ മുറുകെ പിടിക്കാൻ ആവർത്തിച്ചവർത്തിച്ചുള്ള ആഹ്വാനമാണ് ഈ സുവിശേഷ ഭാഗം വഴി ഈശോ നൽകുന്നത്. വലിയ സഹനങ്ങളിലൂടെ കടന്നു പോകുമ്പോഴും, കുരിശിൽ മരിക്കുമ്പോഴും എല്ലാം നശ്വരമാണെന്നും, ക്ഷമിച്ചുകൊണ്ടു ശത്രുവിനെ പോലും നേടുമ്പോൾ വ്യക്തികളാണ് പ്രധാനപെട്ടതെന്നും ഈശോ ജീവിച്ചു കാണിച്ചു. അനുസരണ വഴി പിതാവിന്റെ പ്രിയ പുത്രനായിത്തീർന്നു. പരമകാരുണികനായ ദൈവത്തിനു പ്രിയപെട്ടവരാകുവാൻ തടസ്സമായി വരുന്നവയെല്ലാം നമുക്കുപേക്ഷിക്കാം. ഈ പരിശ്രമത്തിൽ പരിശുദ്ധാത്മാവ് നമുക്കു ശക്തി പകർന്നു തരട്ടെ. കുടുംബങ്ങളിലും ഇടവക സമൂഹത്തിലും നടത്താനുള്ള പരിപാടികൾ അന്യത്ര ചേർത്തിരിക്കുന്നു.

മിശിഹായിൽ
സ്നേഹപൂർവ്വം
**ബോസ്കോ പിതാവ്** **01 ഡിസംബർ 2022**

**2022 ബൈബിൾ വാരം/ ബൈബിൾ ഞായർ പ്രവർത്തനങ്ങൾ**

**1. ബൈബിൾ പ്രതിഷ്ഠ**
**A**. - ഇടവക സമൂഹത്തിനുവേണ്ടി വിശുദ്ധ കുർബാനയർപ്പിക്കുന്നു. പള്ളിയിൽ/ ഹാളിൽ
വചനഗ്രന്ഥം/ കത്തിച്ച തിരികൾ / പൂക്കൾ / മറ്റു അലങ്കാരങ്ങൾ / എല്ലാവരും വന്നു ബൈബിൾ തൊട്ടുവണങ്ങുന്നു
വായന: യോഹ: 1 : 1 -5 ;14 - 18
**B** .- ഓരോ ഭവനത്തിലും
പ്രാർത്ഥനാമുറിയിൽ - വചനഗ്രന്ഥം/ കത്തിച്ച തിരികൾ / പൂക്കൾ / മറ്റു അലങ്കാരങ്ങൾ / എല്ലാവരും വന്നു ബൈബിൾ
തൊട്ടുവണങ്ങുന്നു
വായന: യോഹ: 1 : 1 -5 ;14 - 18

**2 . ബൈബിൾ റാലി**
പള്ളിചുറ്റി / പള്ളിമുറ്റത്ത്
വചനഗ്രന്ഥം/ കത്തിച്ച തിരികൾ / തോരണങ്ങൾ / കൊടികൾ
ഗാനങ്ങൾ: ജീവനേകും ദൈവ വചനം , സുവിശേഷവെളിച്ചത്താൽ

**3 . പ്രസംഗ വിഷയം** - കുട്ടികൾക്ക് : ബൈബിളിലെ മഹാ വ്യക്തിത്വങ്ങൾ
പള്ളികളിൽ / കുടുംബ കൂട്ടായ്മകളിൽ
എബ്രഹാം / മോശ / യാക്കോബ് / ജോസഫ് / സ്നാപക യോഹന്നാൻ / പരിശുദ്ധ കന്യാമറിയം / പത്രോസ് ശ്ലീഹ / പൗലോസ് ശ്ലീഹ

**4 . ബൈബിൾ കഥ പങ്കുവയ്ക്കൽ** : കുട്ടികൾക്ക് - പള്ളികളിൽ / കുടുംബ കൂട്ടായ്മകളിൽ

**5 . വചനം പങ്കുവയ്ക്കൽ** - യുവജനങ്ങൾക്ക് : എന്നെ സ്വാധിനിച്ച ബൈബിൾ വചനം പങ്കുവയ്ക്കുന്നു- പള്ളികളിൽ / കുടുംബ കൂട്ടായ്മകളിൽ

**6 . ബൈബിൾ ക്വിസ്** : കുട്ടികൾക്കും / മുതിർന്നവർക്കും

**7. ബൈബിൾ വായന** : ദിവസേന ഒരു അദ്ധ്യായം (ഉദാ: സങ്കീർത്തനങ്ങൾ)

**8 . Bible idioms and phrases**, images and parables in English Literature - For Adults